## Europe

# ലണ്ടൻ കത്തീഡ്രലിൽ സീറോ മലബാർ ഇംഗ്ലീഷ് പാട്ടുകുർബാന ഓഗസ്റ്റ് ഒന്നിന്

Back to NRI Home | Forward This News | Click here for detailed news of all items

Facebook Tweet LinkedIn

ലണ്ടൻ: വെസ്റ്റ്മിൻസ്റ്റർ അതിരൂപതാധ്യക്ഷനും ഇംഗ്ലണ്ട് ആൻഡ് വെയിൽസ് കത്തോലിക്ക മെത്രാൻ സമിതിയുടെ പ്രസിഡന്റുമായ കർദിനാൾ വിൻസെന്റ് നിക്കോൾസ് പ്രസിഡന്റായുള്ള സൊസൈറ്റി ഓഫ് സെന്റ് ജോൺസ് ക്രിസോസ്റ്റത്തിന്റെ ആഭിമുഖ്യത്തിൽ പൗരസ്ത്യ കത്തോലിക്ക സഭകളുടെ സംഗമവും ആഘോഷപൂർവമായ സീറോ മലബാർ ഇംഗ്ലീഷ് കുർബാനയും എക്സ്ബിഷനും സംയുക്തമായി ഓഗസ്റ്റ് ഒന്നിന് (ശനി) നടക്കും.

ലണ്ടനിലുള്ള ഉക്രേനിയൻ ഗ്രീക്ക് കത്തോലിക്ക കത്തീഡ്രൽ ദേവാലയത്തിൽ രാവിലെ പത്തിനാണ് ആഘോഷപരിപാടികൾ.

സീറോ മലബാർ സഭയ്ക്കു പ്രാമുഖ്യം കൊടുത്തുകൊണ്ട് ഇദംപ്രഥമമായി നടത്തപ്പെടുന്ന ആഘോഷത്തിൽ പ്രശസ്ത ഗവേഷകനും സംഗീതജ്ഞനുമായ റവ.ഡോ. ജോസഫ് പാലക്കൽ സിഎംഐ ഇംഗ്ലീഷ് ഭാഷയിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിക്കും. തുടർന്നു സീറോ മലബാർ സഭയുടെയും മാർത്തോമ ക്രിസ്ത്യാനികളുടെയും ചരിത്രവും പാരമ്പര്യവും പ്രതിപാദിക്കുന്ന ഡോക്കുമെന്ററി ചിത്രങ്ങളുടെ പ്രദർശനവും ഭാരത സഭയുടെ പൗരാണികത്വത്തെ സംബന്ധിച്ചു ഒരു ചിത്ര പ്രദർശനവും റവ. ഡോ. പാലക്കലിന്റെ ഗവേഷണ പ്രബന്ധാവതരണവും ചോദ്യോത്തര വേളയും ഉണ്ടായിരിക്കും.

സൊസൈറ്റി ഓഫ് സെന്റ് ജോൺ ക്രിസോസ്റ്റം പാശ്ചാത്യ-പൗരസ്ത്യ സഭകളെ പരസ്പരം കോർത്തിണക്കാനുള്ള ആശയത്തിൽ രൂപം കൊണ്ട ഒരു സംഘടനയാണ്.സീറോ മലബാർ സഭയെ പാശ്ചാത്യ സഭകൾക്ക് മനസിലാക്കിക്കൊടുക്കാനും പാശ്ചാത്യ-പൗരസ്ത്യ സഭകളുടെ സംയുക്തമായ പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും വേണ്ടി പ്രവർത്തിക്കുന്ന സംഘടന ഇതാദ്യമായാണ് സീറോ മലബാർ സഭയെ മുൻനിർത്തി ആഘോഷം സംഘടിപ്പിച്ചിരിക്കുന്നത്.

ആദ്യമായാണു സീറോ മലബാർ സഭയ്ക്ക് ലണ്ടനിലെ ഒരു പ്രമുഖ കത്തീഡ്രൽ ദേവാലയത്തിൽ ആഘോഷമായ വിശുദ്ധ കുർബാന അർപ്പിക്കാൻ അവസരം ലഭിക്കുന്നത്. അതുപോലെതന്നെ നമ്മുടെ കർത്താവിന്റെ ഭാഷയിലുള്ള പഴയ കീർത്തനങ്ങളായ 'പുഖ്ദാനകോൻ' 'കന്തീശ ആലാഹാ' തുടങ്ങിയവ ഒരു ഇംഗ്ലീഷ് കത്തീഡ്രലിൽ ആലപിക്കപ്പെടുന്നത് ഇതാദ്യമായിരിക്കും.

റവ.ഡോ.ജോസഫ് പാലക്കൽ ഓക്സ്ഫോർഡിൽ അന്തർദേശീയ സമ്മേളനത്തിൽ 'കോൺഗ്രിഗേഷണൽ മ്യൂസിക്കിനെ' ആസ്പദമാക്കി പ്രഭാഷണം നടത്തുന്നുണ്ട്.

ഈ ആഘോഷത്തിൽ പങ്കെടുക്കുവാൻ താത്പര്യം ഉള്ളവർ 10 പൗണ്ട് (സംഭാവന അടക്കം) നൽകി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഉച്ച ഭക്ഷണം ടിഫിൻ കരുതേണ്ടതാണ്.

യുദ്ധത്താലും മതസ്പർധയാലും പീഡിപ്പിക്കപ്പെടുന്ന പൗരസ്ത്യ സഭകളെപ്പറ്റി ജോൺ ന്യൂട്ടൺ അവതരിപ്പിക്കുന്ന പ്രബന്ധത്തെത്തുടർന്നു യുക്രെയ്നിയൻ സഭയുടെ സായാഹ്ന പ്രാർഥനയോടെ ആഘോഷം സമാപിക്കും.

ബുക്കിംഗ്: johnchrysostom@btinternet.com, www.orientalelumen.org.uk

വേദിയുടെ വിലാസം: ഉക്രേനിയൻ കാത്തലിക് കത്തീഡ്രൽ ഓഫ് ഹോളി ഫാമിലി, ഡ്യൂക്ക് സ്ട്രീറ്റ്, WK1 5BQ, LONDON.

**റിപ്പോർട്ട്: അപ്പച്ചൻ കണ്ണഞ്ചിറ**